കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വെൺമണി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:doalp.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി-പി.5-815/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ആലപ്പുഴ-688011,

തീയതി: 05.02.2021

ഫോൺ: 0477 2252753

email: doalp.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്(സെക്രട്ടറി മുഖേന)

വെൺമണി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെൺമണി ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെൺമണി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ എല്ലാ ഖണ്ഡികകളിലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3) കാര്യാലയ പകർപ്പ്

നം കെ.എസ്.എ/എ.എൽ.പി-പി.5-815/2020 തീയതി: 28/01/2021

# ആലപ്പുഴ ജില്ലയിലെ വെൺമണി ഗ്രാമപഞ്ചായത്തിന്റ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ വെൺമണി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 10.12.2018 മുതൽ 30.11.2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.വി.സന്തോഷ്<br>ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.11.2020 മുതൽ 30.11.2020 വരെ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി മിനി.പി.രാധാകൃഷ്ണൻ,<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സിന്ധ്യ.പി,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മനേഷ് കുമാർ.ജി<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ.കെ.ലജുകുമാർ | 01.04.2018 മുതൽ 31.03.2019 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.വൈ.നിസാർ | 01.04.2018 മുതൽ 31.03.2019 വരെ |

<u>സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ</u>

| | | |
|---|---|---|
| ധനകാര്യം | ശ്രീമതി മറിയാമ്മ ചെറിയാൻ | 01.04.2018 മുതൽ 31.09.2018 വരെ |
| | ശ്രീമതി അജിത മോഹൻ | 01.10.2018 മുതൽ 31.03.2019 വരെ |
| വികസനകാര്യം | ശ്രീ.എൻ.ആർ.ശ്രീധരൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ക്ഷേമകാര്യം | ശ്രീമതി രശ്മി. സി | 01.04.2018 മുതൽ 31.03.2019 വരെ |
| ആരോഗ്യകാര്യം വിദ്യാഭ്യാസം | ശ്രീമതി മഞ്ജുളാദേവി | 01.04.2018 മുതൽ 31.03.2019 വരെ |

<u>മറ്റ് നിർവ്വഹണഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.അനിൽകുമാർ | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.അനിൽകുമാർ.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.ഫാത്തിമ റഹ്മാൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി സരസമ്മ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. അന്ന | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. രാജി.ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. മഞ്ജു | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി രാജിമോൾ | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ | ശ്രീ. പ്രവീൺ.ടി.ഡി | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.അനിർകുമാർ.പി.കെ | 01.04.2018 മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നം. | ഭാഗം-1 | Written By |
|---|---|---|---|
| 1 | 1-1 | ബജറ്റ് | Elsamma (Audit Officer) |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക | Elsamma (Audit Officer) |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച്സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | Elsamma (Audit Officer) |
| 4 | 1-4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് &പേയ്മെന്റ് പത്രിക പ്രകാരം) | Elsamma (Audit Officer) |
| 5 | 1-5 | ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം സമാഹരിച്ചത് ) | Elsamma (Audit Officer) |
| 6 | 1-6 | പദ്ധതി അവലോകനം | Elsamma (Audit Officer) |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി | Elsamma (Audit Officer) |
| 8 | 1-8 | ക്ഷേമപദ്ധതികൾ | Elsamma (Audit Officer) |
| 9 | 1-9 | ക്യാഷ് പരിശോധന | Elsamma (Audit Officer) |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം | Elsamma (Audit Officer) |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ | Elsamma (Audit Officer) |
| 12 | 1-12 | വാർഷിക കണക്കുകളിലെ അപാകതകൾ | Elsamma (Audit Officer) |
| 13 | 1-13 | വസ്തുനികുതി പിരിക്കുന്നതിലും സഞ്ചയ സോഫ്റ്റ്‌വെയറിൽ നികുതി വിവരം രേഖപ്പെടുത്തുന്നതിലും പൊരുത്തക്കേടുകൾ | Elsamma (Audit Officer) |
| 14 | 1-14 | വാടക വരവ് - പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ- | Elsamma (Audit Officer) |

| | | | |
|---|---|---|---|
| 15 | 1-15 | ലൈസൻസ് ഫീസ് ചട്ടപ്രകാരം ഈടാക്കുന്നില്ല | Elsamma (Audit Officer) |
| | | | |
| 16 | 1-16 | പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | Elsamma (Audit Officer) |
| 17 | 1-17 | റേഷൻ കടകളെ ലൈസൻസ് ഫീസ്, തൊഴിൽനികുതി പരിധിയിൽ ഉൾപ്പെടുത്തുന്നില്ല | Elsamma (Audit Officer) |
| 18 | 1-18 | കാലഹരണപ്പെട്ട ഇ.എം.ഡി, കോൺട്രാക്ടേഴ്സ്/ സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നില്ല | Elsamma (Audit Officer) |
| 19 | 1-19 | ക്രമീകരിക്കുവാൻ ശേഷിക്കുന്ന മുൻകൂറുകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല | Elsamma (Audit Officer) |
| 20 | 1-20 | ഇ-സബ്മിഷൻ ടെണ്ടർ -ടെണ്ടർ ഫീ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തില്ല | Elsamma (Audit Officer) |
| 21 | 1-21 | കിഴങ്ങ് വർഗ്ഗ കൃഷി വ്യാപനം - നടീൽ വസ്തുക്കളുടെ വിതരണവിവരം ലഭ്യമല്ല - ചെലവ് തുക 665118/- രൂപ തടസ്സത്തിൽ വയ്ക്കുന്നു | Elsamma (Audit Officer) |
| 22 | 1-22 | തെരുവ് വിളക്ക് അറ്റകുറ്റപ്പണിയിലെ അപാകതകൾ - ചെലവ് 179689/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. | Elsamma (Audit Officer) |
| 23 | 1-23 | രേഖകളുടെ അഭാവത്തിൽ 600000 രൂപ – തടസ്സത്തിൽ വയ്ക്കുന്നു | Maneshkumar G (Senior Grade Auditor) |
| 24 | 1-24 | അഗതിരഹിത കേരളം പദ്ധതി - ചെലവഴിക്കാത്ത 90000/- രൂപ കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടയ്ക്കുക | Maneshkumar G (Senior Grade Auditor) |
| 25 | 1-25 | എസ്.സി. പെൺകുട്ടികൾക്ക് വിവാഹധനസഹായം-ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു | Maneshkumar G (Senior Grade Auditor) |
| 26 | 1-26 | എസ്.സി. വിദ്യാർത്ഥികൾക്ക് മേശ, കസേര എന്നിവ വാങ്ങി നൽകൽ - പട്ടികജാതി വികസന വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 59996/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | Maneshkumar G (Senior Grade Auditor) |
| 27 | 1-27 | ഉമ്മർകാല റോഡ് ടാറിംഗ്- എസ്റ്റിമേറ്റ് റിപ്പോർട്ടിൽ അധികരിച്ച അളവിൽ പ്രവൃത്തി നടത്തി | Maneshkumar G (Senior Grade Auditor) |
| 28 | 1-28 | ജി.എസ്.ടി - 24,606/- രൂപ ഈടാക്കിയില്ല | Maneshkumar G (Senior |

| | | | |
|---|---|---|---|
| | | | Grade Auditor) |
| 29 | 1-29 | സർക്കാർ ഗ്രാന്റ് യഥാസമയം ചെലവഴിക്കാത്തതിനാൽ പഞ്ചായത്തിന് 1,52,79,286/-രൂപ നഷ്ടമായി | Maneshkumar G (Senior Grade Auditor) |
| 30 | 1-30 | മരാമത്തുവർക്കുകളുടെ നിർവ്വഹണത്തിലെ ന്യൂനതകൾ | Maneshkumar G (Senior Grade Auditor) |
| 31 | 1-31 | ലൈഫ് ഭവന പദ്ധതി - അഡ്വാൻസ് തുക കൈപ്പറ്റിയ ഗുണഭോക്താവ് തുടർ പ്രവർത്തനം നടത്തിയില്ല | Maneshkumar G (Senior Grade Auditor) |
| 32 | 1-32 | പാലിയേറ്റീവ് പരിചരണം - മാർഗ്ഗരേഖ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല | Maneshkumar G (Senior Grade Auditor) |
| ഭാഗം-2 | | | |
| ഇല്ല | | | |
| ഭാഗം-3 | | | |
| ഇല്ല | | | |
| 33 | 4-1 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ടുവിനിയോഗം | Maneshkumar G (Senior Grade Auditor) |
| 34 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | Maneshkumar G (Senior Grade Auditor) |
| 35 | 4-3 | വായ്പ-വായ്പാ തിരിച്ചടവ് | Maneshkumar G (Senior Grade Auditor) |
| 36 | 4-4 | സ്ഥിരനിക്ഷേപം | Maneshkumar G (Senior Grade Auditor) |
| 37 | 4-5 | ഓഡിറ്റ് റിക്കവറി | Maneshkumar G (Senior Grade Auditor) |
| 38 | 4-6 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | Maneshkumar G (Senior Grade Auditor) |

| | | | |
|---|---|---|---|
| 39 | 4-7 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | Maneshkumar G (Senior Grade Auditor) |
| 40 | 4-8 | ഓഡിറ്റ് പ്രത്യവലോകനം | Maneshkumar G (Senior Grade Auditor) |
| 41 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | Maneshkumar G (Senior Grade Auditor) |
| 42 | അനുബന്ധം.1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | -- |
| 43 | അനുബന്ധം.2 | | -- |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

2018-19 സാമ്പത്തികവർഷത്തെ ബജറ്റ് 23.03.2018 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|
| ബജറ്റ് പ്രകാരം | 3,53,69,600 | 6,16,88,640 | -2,63,19,040 |
| വാർഷികകണക്ക് പ്രകാരം | 6,99,11,730 | 6,52,31,589 | 46,80,141 |

ബജറ്റ് പ്രകാരമുള്ള വരവ് ചെലവും നീക്കിബാക്കിയും വാർഷിക കണക്ക് പ്രകാരമുള്ള വരവ് ചെലവ് നീക്കിബാക്കിയും തമ്മിൽ വളരെയധികം അന്തരം വന്നിട്ടുണ്ട്. യഥാർത്ഥ വരവ് ചെലവുകളെ അടിസ്ഥാനപ്പെടുത്തി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 23.05.2019 | ഇല്ല | - |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച്സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നൽകിയ തീയതി |
|---|---|
| 2018-19 | P5 - 541/2019 dtd.29.06.2019 |

1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് &പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 6305124 |
| വരവ് | 63606606 |
| ആകെ | 69911730 |
| ചെലവ് | 65231589 |
| നീക്കിയിരുപ്പ് | 4680141 |

1-5 ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം സമാഹരിച്ചത് )

| ഫണ്ടിനം | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| വികസനഫണ്ട്(ജനറൽ) | 13023000 | 13023000 | 12351738 | 671262 |
| വികസനഫണ്ട്(എസ്.സി.പി.) | 9818000 | 9818000 | 8382006 | 1435994 |
| വികസനഫണ്ട്(റ്റി.എസ്.പി) | 120000 | 120000 | 0 | 120000 |
| മെയിന്റനൻസ് ഫണ്ട്- റോഡ് | 14196971 | 14196971 | 5051062 | 9145909 |
| മെയിന്റനൻസ് ഫണ്ട് -നോൺ റോഡ് | 4221000 | 4221000 | 2741429 | 1479571 |
| ബി.ഫണ്ട് | 279280 | 279280 | 279280 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8418000 | 8418000 | 5991450 | 2426550 |

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പിലാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത് (ശതമാനം) |
|---|---|---|---|---|---|---|
| 221 | 87656114 | 133 | 48888210 | 0 | 88 | 60.1 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവ് | 352429.40 | 863673 | 1216102 | 1214570 | 1532 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകൽ | - | 30365000 | 30365000 | 30365000 | - |
| ആകെ | | | | 31579570 | |

## 1-8 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 38,16,200 | 330 |
| വാർദ്ധക്യ കാല പെൻഷൻ | 2,25,66,400 | 2006 |
| വികലാംഗ പെൻഷൻ | 34,90,300 | 318 |
| 50വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾ | 5,46,800 | 62 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 1,20,000 | - |
| തൊഴിൽരഹിതം വേതനം | 17,280 | 9 |
| വിധവ പെൻഷൻ | 98,54,200 | 962 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-11-2020 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5813/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ നിലനിൽക്കുന്ന അപാതകകൾ ചുവടെ ചേർക്കുന്നു.

1. നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതിയും ഫലപ്രാപ്തിയും കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. അംഗീകാരം ലഭിച്ച പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കുന്നതിലെ വീഴ്ച മൂലം തൻവർഷം ലഭിച്ച സർക്കാർ ഗ്രാന്റിൽ നിന്നും വലിയ തുക ലാപ്സാവാൻ ഇടയായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് (ഖണ്ഡിക നം. 1-29 കാണുക). കൃത്യമായി മോണിറ്ററിംഗ് നടത്തി പ്രോജക്ടുകളുടെ ഫലപ്രാപ്തി ഉറപ്പു വരുത്തിയിട്ടില്ല.
2. കൈകാര്യം ചെയ്യുന്ന ഫയലുകളുടെ വിശദാംശങ്ങൾ അടങ്ങിയ പേഴ്സണൽ രജിസ്റ്റർ സെക്ഷനുകളിൽ മാന്വലായി തയ്യാറാക്കപ്പെടുകയോ ആയത് മേൽ പരിശോധന നടത്തുകയോ ചെയ്തിട്ടില്ല. ഫയൽ ട്രാക്കിംഗിനായുള്ള സൂചിക സോഫ്റ്റ്‌വെയർ പഞ്ചായത്തിൽ നിലവിലുണ്ടെങ്കിലും കൈകാര്യം ചെയ്യുന്ന തപാലുകളുടെ വിവരം കാലികമാക്കപ്പെടാത്തതുമൂലം ഓരോ സെക്ഷനുകളിലും തീർപ്പാക്കാൻ വൻ കുടിശ്ശികയുള്ളതായാണ് പ്രസ്തുത സോഫ്റ്റ്‌വെയറിൽ കാണുന്നത്.
3. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ യഥാസമയം നടപ്പാക്കുന്നുണ്ടോ എന്നത് നിരീക്ഷിക്കുന്നതിലേക്കായി ഒരു വാച്ച് രജിസ്റ്റർ പരിപാലിക്കുന്നില്ല. തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തുന്നതായി മിനുട്സിലും രേഖയില്ല.
4. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കിയും, സാക്ഷ്യപ്പെടുത്തൽ വരുത്തിയും സൂക്ഷിച്ചിട്ടില്ല.
5. പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മിറ്റികളുടെ ചുമതലയിലല്ല എല്ലാ വാങ്ങലുകളും നടത്തിയിട്ടുള്ളത്. സ്റ്റോക്ക് പരിശോധന ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ കാലാകാലങ്ങളിൽ നിർവ്വഹിച്ചുവരുന്നുണ്ട്.

6. ആസ്തിയിലുൾപ്പെടാത്ത നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നത് ഒഴിവാക്കുന്നതിനായി ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്. റോഡ് കണക്ടിവിറ്റി പ്ലാൻ, കണക്ടിവിറ്റി മാപ്പ് ഇവ കാലികമല്ല.
7. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. സ്റ്റേക്ക് ഹോൾഡർമാരുമായി ചേർന്ന് ഓരോ വിഷയമേഖലയും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും ചർച്ച ചെയ്ത് ആയതിന് അനുസൃതമായി പദ്ധതികൾ ആവിഷ്കരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾക്ക് കഴിഞ്ഞിട്ടില്ല. പ്രോജക്ട് മോണിട്ടറിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകിയിട്ടില്ല.
8. മെയിന്റനൻസ് ഫണ്ടും, വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ് ഇതര – റോഡ് ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക മെയിന്റനൻസ് പ്ലാൻ (ആസ്തി സംരക്ഷണ പരിപാലന പദ്ധതി) തയ്യാറാക്കണമെന്ന പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.
9. ഗ്രാമപഞ്ചായത്തിൽ പൊതു ശ്മശാനവും, അറവു ശാലയും സ്ഥാപിക്കപ്പെട്ടിട്ടില്ല. പൊതു ശ്മശാനവും, അറവു ശാലയും ഇല്ലാത്ത ഗ്രാമപഞ്ചായത്തുകൾ അവ സ്ഥാപിക്കുന്നതിന് വികസന ഫണ്ടിൽനിന്നും നിർബന്ധിത വകയിരുത്തൽ നടത്തണമെന്ന് മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്.
10. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം നിരീക്ഷിക്കുന്നില്ല. വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി. എന്നീ നിർവ്വഹണ ഏജൻസികളിൽ തുക നിക്ഷേപിച്ചെങ്കിലും പ്രവൃത്തികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.02.2020 | 1/19 | 12.03.2020 |
| അക്കൌണ്ട് ജനറലിന്റെ ഓഡിറ്റ് | 17.02.2016 – 01.03.2016 | 2010-11 മുതൽ 2014-15 വരെ | 31.03.2016 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷിക കണക്കുകളിലെ അപാകതകൾ കെ.എസ്.എ-എ.എൽ.പി-P.5/541/2019 തീയതി 29.06.2019 നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. ടി അപാകതകൾ നിലവിലും പരിഹരിച്ചതായി കാണുന്നില്ല.

## 1-13 വസ്തുനികുതി പിരിക്കുന്നതിലും സഞ്ചയ സോഫ്റ്റ്‌വെയറിൽ നികുതി വിവരം രേഖപ്പെടുത്തുന്നതിലും പൊരുത്തക്കേടുകൾ

1) വസ്തു നികുതി വരവ് – വാർഷിക കണക്കിലെ തുകയും 'സഞ്ചയയിലെ ' തുകയും പൊരുത്തപ്പെടുന്നില്ല.

2018-19 വർഷം സാംഖ്യ, സഞ്ചയ അക്കൌണ്ടുകൾ പരിശോധിച്ചതിൽ വസ്തു നികുതി വരവ് വന്നതായി രേഖപ്പെടുത്തിയ തുകകളിൽ വ്യത്യാസം കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

<u>വാർഷിക കണക്കുപ്രകാരം ആകെ വരവ് (R.P 43-ലെ വിവരങ്ങൾ പ്രകാരം)</u>

എ) <u>തൻവർഷ വരവ്</u>

| ക്രമ നമ്പർ | വരവിനം | തുക |
|---|---|---|
| 1 | റസിഡൻഷ്യൽ വീടുകൾ | 2091839 |
| 2 | കൊമേഴ്സ്യൽ ബിൽഡിംഗ്സ് | 425264 |
| 3 | സർവ്വീസ് സെസ്സ്(റസിഡന്റ്സ്) | 326,047 |
| | | |

| | | |
|---|---|---|
| 4 | സർവ്വീസ് സെസ്സ്(കൊമേഴ്സ്യൽ) | 68,033 |
| 5 | ലൈബ്രറി സെസ്സ് | 125855 |
| | ആകെ | 3037038 |

ബി) <u>അരിയർ വരവ്</u>

| ക്രമ നമ്പർ | വരവിനം | കളക്ഷൻ |
|---|---|---|
| 1 | റസിഡൻഷ്യൽ വീടുകൾ | 807979 |
| 2 | കൊമേഴ്സ്യൽ ബിൽഡിംഗ്സ് | 189744 |
| 4 | സർവ്വീസ് സെസ്സ് | 157993 |
| 5 | ലൈബ്രറി സെസ്സ് | 49886 |
| | ആകെ | 1205602 |
| | ഒട്ടാകെ | 4242640 |

എന്നാൽ സഞ്ചയ ഡി.സി.ബി റിപ്പോർട്ട് പ്രകാരം 2018-19 വർഷം വസ്തു നികുതി/അനുബന്ധ സെസ് ഇനത്തിൽ ആകെ വരവ് താഴെപറയും വിധം 5024898/- രൂപയാണ്. രണ്ടു കണക്കുകളും തമ്മിൽ 782258/- രൂപയുടെ പൊരുത്തക്കേട് നിലനിൽക്കുന്നു.

| ക്രമ നമ്പർ | വരവിനം | കളക്ഷൻ |
|---|---|---|
| 1 | വസ്തു നികുതി(തൻവർഷം) | 197004 |
| 2 | വസ്തുനികുതി (കുടിശ്ശിക) | 3053894 |
| സർവ്വീസ് സെസ്സ്, ലൈബ്രറി സെസ്സ് ഉൾപ്പടെ | | 1774000 |
| ആകെ | | 5024898 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/23.11.2020) ലഭ്യമാക്കിയ മറുപടിയിൽ 2018-19 വർഷത്തെ കുടിശ്ശിക സംബന്ധിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ നിലനിൽക്കുന്ന തെറ്റുകൾ ഡാറ്റാ പ്യൂരിഫിക്കേഷനിലൂടെ പരിഹരിച്ചതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ തുകയിൽ മാറ്റം വന്നിട്ടുണ്ടെന്ന് അറിയിക്കുകയുണ്ടായി.

2) <u>കളക്ഷൻ തുകയെക്കാൾ കൂടുതൽ തുക സഞ്ചയയിൽ പോസ്റ്റ് ചെയ്തു</u>

മാനവൽ രസീതുപയോഗിച്ച് പിരിച്ച പല കെട്ടിടങ്ങളുടെയും വസ്തുനികുതി തുകയേക്കാൾ കൂടിയ തുക സഞ്ചയ സോഫ്റ്റ്‌വെയറിൽ പോസ്റ്റ് ചെയ്യുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| | | | | | |
|---|---|---|---|---|---|
| | | | | | |

| രസീത് നമ്പർ | പേരു വിവരം | വാർഡ്, വീട്ടുനമ്പർ | കെട്ടിട നികുതി വർഷം | രസീത് പ്രകാരമുള്ള വരവ് | പോസ്റ്റിങ്ങ് |
|---|---|---|---|---|---|
| 19047/17 | ഷാഹുൽ ഹമീദ് മോടിയിൽ തെക്കേതിൽ | 8/117 | 2013-14 മുതൽ 2017-18 | 735 | 755 |
| 19047/29 | പി.പി.രാമചന്ദ്രക്കുറുപ്പ് പുത്തൻ വീട്ടിൽ | 3/45 | 2013-14 മുതൽ 2018-19 | 756 | 1314 |

3) <u>സഞ്ചയ സോഫ്റ്റ്‌വെയറിൽ കളക്ഷൻ തുക രേഖപ്പെടുത്തുന്നില്ല</u>

കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കിയിട്ടും അവ സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| രസീത് ബുക്ക് നമ്പർ | പേരു വിവരം | വാർഡ്, വീട്ടുനമ്പർ | കെട്ടിട നികുതി വർഷം | രസീത് പ്രകാരമുള്ള വരവ് |
|---|---|---|---|---|
| 19018/1 | തോമസ് കൊച്ചുമാവ് നിൽക്കുന്നതിൽ | 1/39 | 2013-14 | 785 |
| 19018/4 | അജി.റ്റി.വർഗ്ഗീസ് തോളത്തറ കിഴക്കേതിൽ | XI/215 A | 2017-18 | 1439 |
| 19018/6 | രാധ അരളപ്പുറത്ത് | 11/66 | 2013-14 to 2017-18 | 1430 |
| 19018/7 | ശങ്കര നാരായണൻ രേഖാ ഭവനം | 11/100 | 2017-18 | 125 |
| 19018/10 | തോമസ് വർഗ്ഗീസ് മാടപ്പോത്ത് ആശാവില് | 10/629 | 2016-17,2017-18 | 444 |
| 19018/14 | രാജുവർഗ്ഗീസ് മാതാ ഭവനം | 14/337 | 2016-17,2017-18 | 324 |
| 19018/28 | ചെറിയാൻ തോമസ് പാടത്ത് കിഴക്കേതിൽ | 1/365 | 2016-17,2017-18 | 1102 |
| 19019/2 | തങ്കച്ചൻ കിഴക്കേക്കര കിഴക്കേതിൽ | 13/392 | 2017-18 | 101 |
| 19047/47 | റ്റി.എസ്.രാജീവ് തോണ്ടുതറയിൽ | 4/157A | 2017-18,2018-19 | 2768 |

<u>രസീത് ബുക്കുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല</u>

| ഇഷ്യൂ ചെയ്ത തീയതി | രസീത് നമ്പർ | കൈപ്പറ്റിയ ഉദ്യോഗസ്ഥൻ |
|---|---|---|
| 15.10.2019 | 19057 | ഹരികുമാർ.എസ് |
| 14.09.2019 | 19056 | വിദ്യാശ്രീ |
| 06.09.2019 | 19055 | വിനോദ്.വി |
| 13.05.19 | 19054 | ഹരികുമാർ.എസ്. |
| | | |

| | | |
|---|---|---|
| 08.05.2019 | 19053 | വിദ്യാശ്രീ |
| ~~25.04.2019~~ | ~~19052~~ | ~~ഹരികമാർ.എസ്~~ |
| | | |
| 26.12.2019 | 19018 | വിനോദ്.വി |
| 06.03.2019 | 19021 | വിനോദ്.വി |
| 12.02.2019 | 19039 | വിനോദ്.വി |

ഓഡിറ്റ് റിക്വസിഷൻ (നം. 1,2) നൽകി രസീതുകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നു. ഓഡിറ്റ് തീയതി വരെയും രസീത് ബുക്കുകൾ ലഭ്യമാക്കിയില്ല. രസീത് ബുക്കുകൾ ഓഡിറ്റിന് ഹാജരാക്കാത്തത് ഗുരുതരമായ കൃത്യവിലോപമാണ്. ആയത് പരിഹരിക്കാൻ അധികൃതർ അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്. സഞ്ചയ സോഫ്റ്റ്വെയറിൽ നിലനിൽക്കുന്ന തെറ്റുകൾ (വിട്ടുപോയ കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കൽ പി.ഡി.രസീത് പോസ്റ്റിങ്ങ്, സാംഖ്യ മാപ്പിംങ്ങ്, ഡബിൾ എൻട്രി തുടങ്ങിയവ) സഞ്ചയ സോഫ്റ്റ്വെയറിൽ പ്യൂരിഫിക്കേഷനിലൂടെ പരിഹരിച്ച് ആയതിന്റെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 വാടക വരവ് - പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ-

1) <u>വാടക ത ുകകൾ കൃത്യമായി പിരിച്ചെടുക്കുന്നില്ല.</u>

വാടക സംബന്ധിച്ച കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പ്രകാരം 2018-19 വർഷ കുടിശ്ശിക 95532/-രൂപയും മുൻവർഷങ്ങളിലെ കുടിശ്ശിക ഇനത്തിൽ 108501/- രൂപയും പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>വെൺമണി ഷോപ്പിങ്ങ് കോ ംപ്ലക്സ്</u>

| ക്രമ നമ്പർ | റൂംനമ്പർ | വാടകക്കാരന്റെ പേര് | വാടക നിരക്ക് | ആകെ കുടിശ്ശിക |
|---|---|---|---|---|
| 1 | VI | ഹരീഷ്.എം.പി.<br>നിർമ്മിതി ഭവൻ,പൊടിയാടി<br>തിരുവല്ല | 2835 | 34020 |
| 2 | VIII | ലിനുമോൻ.എം.ടി<br>ലിനിഭവൻ, വെൺമണി | 3177 | 38124 |
| പാറച്ചന്ത ഷോപ്പിങ്ങ് കോംപ്ലക്സ്-പഴയകെട്ടിടം | | | | |
| 3 | II | ആര്യ.എസ്<br>അരുണ ഭവനം, കൊഴുവല്ലൂർ | 1229 | 14748 |
| പാറച്ചന്ത ഷോപ്പിങ്ങ് കോാംപ്ലക്സ്.പുതിയ കെട്ടിടം4 | | | | |
| 4 | IV | റെജി.എ.ജെ<br>ആലിന്റെ പടീറ്റേതിൽ<br>കൊഴുവല്ലൂർ | 720 | 8640 |

വാടകക്കുടിശ്ശികയിനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന തുക പിഴ സഹിതം ഈടാക്കുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

വാടക രജിസ്റ്ററിൽ പഞ്ചായത്തിന്റെ അധീനതയിൽ എത്ര ഷോപ്പിങ്ങ് കോംപ്ലക്സുകൾ ഉണ്ട് എന്ന് രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല ആകെ കടമുറികളുടെ എണ്ണവും ലഭ്യമല്ല. ലേലം നടക്കാതെ പോയ കടമുറികളുടെ എണ്ണത്തെ സംബന്ധിക്കുന്ന വിവരം പരിശോധിച്ച് നിജപ്പെടുത്തുവാൻ സാധിക്കാത്ത അവസ്ഥ നിലകൊള്ളുന്നു. രജിസ്റ്റർ കാലികമാക്കി വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

2)കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ കരാർ ചമയ്ക്കുന്നില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ പ്രസ്തുത ഇടം ഉപയോഗിക്കുന്നതിനും കൈവശം വയ്ക്കുന്നതിനുമുള്ള വ്യവസ്ഥകളും, ഫീസിന്റെ നിരക്കും, അത് കൊടുക്കേണ്ട സമയവും ഉൾപ്പെടുത്തി ഉചിതമായ മൂല്യത്തിലുള്ള മുദ്രപത്രത്തിൽ കരാർ ചമയ്ക്കേണ്ടതാണ്. വാടകക്കാരുമായി വാടക സംബന്ധിച്ച് കരാർ ചമയ്ക്കാത്ത കടമുറികൾക്ക് ലൈസൻസ് പുതുക്കി നൽകുന്നത് ചട്ട വിരുദ്ധമാണ്. മതിയായ മൂല്യമുള്ള മുദ്രപത്രത്തിൽ വ്യവസ്ഥകൾ വ്യക്തമാക്കി കൃത്യതയുള്ള കരാർ ചമയ്ക്കാതിരിക്കുന്നതു മൂലം പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ അനധികൃതമായി വാടകക്കാർ കൈവശം വയ്ക്കാനുള്ള സാഹചര്യമാണ് സംജാതമാകുന്നത്. അപാകത ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-15 ലൈസൻസ് ഫീസ് ചട്ടപ്രകാരം ഈടാക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും) ലൈസൻസ് നൽകൽ ചട്ടങ്ങൾക്ക് 31.10.2017 - ലെ G.O.(P) No.80/2017/LSGD നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇത് പ്രകാരം 01.11.2017 പ്രാബല്യത്തിൽ പുതുക്കിയ ചട്ടം "ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റു സേവനങ്ങൾക്കും ലൈസൻസ് നല്കൽ" എന്ന പേരിൽ നിലവിൽ വന്നു. ഇതനുസരിച്ച് 01.11.2017 മുതൽ നൽകുന്ന ലൈസൻസ് ഭേദഗതി ചെയ്ത ചട്ടപ്രകാരം ആയിരിക്കേണ്ടതാണ്. ആയതുപ്രകാരം വ്യാപാര/സംരംഭ/സേവന പ്രവർത്തന സ്ഥാപനങ്ങളെ അവയ്ക്കായുള്ള മൂലധന നിക്ഷേപം കണക്കിലെടുത്ത് തരംതിരിച്ച് ഏറ്റവും കുറഞ്ഞ മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളുടെ (25 ലക്ഷത്തിൽ കവിയാത്ത മൂലധനനിക്ഷേപം വരുന്ന സ്ഥാപനങ്ങളെ മൈക്രോ സംരംഭങ്ങൾ എന്ന നിലയിൽ കണക്കാക്കി 500/- രൂപയിൽ കവിയാത്ത തുക ലൈസൻസ് ഫീസ് ഈടാക്കാനാണ് നിർദ്ദേശിക്കുന്നത്. 2018-19 വർഷം 191 വ്യാപാര സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് വ്യാപാര ലൈസൻസ് നൽകിയിട്ടുണ്ട്. ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ മേൽചട്ട നിബന്ധന പ്രകാരമല്ല ലൈസൻസ് ഫീസ് ഈടാക്കിയത് എന്നു കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ ഉടമയുടെ പേര് | വാർഡ്/ കെട്ടിട നം. | കച്ചവടം/ വ്യവസായം | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ലൈസൻസ് ഫീ | കുറവ് |
|---|---|---|---|---|---|---|
| 1 | എൻ.ആർ.ശ്രീധരൻ<br>ചക്കാലയിൽ,പുന്തല | IX-273 B | ചക്കാലിൽ ട്രേഡേഴ്സ്<br>(റബ്ബർ വ്യാപാരം) | 500 | 200 | 300 |
| 2 | അനിൽ കുമാർ.റ്റി<br>അനിൽ ഭവനം, കൊഴുവല്ലൂർ | XIV-560 | ജനറൽ സ്റ്റോഴ്സ്, ലൈറ്റ് റിഫ്രെഷ്മെന്റ് സ്റ്റാൾ | 500 | 200 | 300 |
| 3 | ശിവാനന്ദൻ.വി<br>കൊട്ടാരത്തിൽ വടക്കേതിൽ<br>വെൺമണി | 373-B | എക്സ്.എൻ സ്റ്റോഴ്സ് | 500 | 100 | 400 |
| 4 | എൻ.എം.ശാമുവേൽ<br>നാരകംനിൽക്കുന്നതിൽ തെക്കേതിൽ, വെൺമണി | V-76 | എൻ.എം.എസ്.ട്രേഡേഴ്സ്<br>(സിമെന്റ്,ഹാർഡ് വെയർ,ഇലക്ട്രിക്കൽസ്) | 500 | 300 | 200 |
| 5 | ഭാസ്കര കുറുപ്പ്<br>പഴയ കോയിക്കൽ,വെൺമണി | XIII-437 | പ്രൈം ബേക്കറി | 500 | 300 | 200 |
| 6 | കെ.റ്റി.ഹനീഫ | X-430 | ദുബായ് കമ്പ്യൂട്ടേഴ്സ് | 500 | 300 | 200 |

| | | | | | | |
|---|---|---|---|---|---|---|
| | കെ.എ.എച്ച്. മൻസിൽ,വെൺമണി | | | | | |

പുതുക്കിയ ചട്ടനിബന്ധനകൾ പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്ത് രേഖകൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതും കേരള പഞ്ചായത്ത് രാജ് (ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റ് സേവനങ്ങളും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ 2018-19 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപന ഉടമയുടെ മേൽ വിലാസം | വാർഡ്, നമ്പർ | സ്ഥാപനത്തിന്റെ വിശദാംശം |
|---|---|---|---|
| 1 | വി.ആർ.സുരേഷ് കുമാർ മാത്രയിൽ, ഇല്ലത്ത് മേപ്പുറം | V ,312 | സ്റ്റേഷനറിക്കട |
| 2 | സുനിൽ കുമാർ.കെ.സി കുളത്തൂർ,കോട്ടുകുളഞ്ഞി | I | വാഹന സർവ്വീസ് സെന്റർ |
| 3 | മറിയാമ്മ കൊച്ചുകുഞ്ഞ് മാത്തേത്ത്, (പീസ് കോട്ടേജ്) | XIV, | മാത്തേത്ത് സ്റ്റോർ |
| 4 | രവീന്ദ്രൻ പിള്ള, കാരിക്കാണിൽ, വെൺമണി | XIII,444 | അമത് മോട്ടോഴ്സ് ഡിസ്പ്ലേ സെന്റർ |
| 5 | രവീന്ദ്രൻ പിള്ള ചെറുതുരുത്തിയിൽ, വെൺമണി | X,246 | ശ്രേയസ്സ് സ്റ്റോഴ്സ് |
| 6 | ശശിധരൻ പിള്ള തുറത്തുരയിൽ വെൺമണി | XIII,164 | സ്റ്റേഷനറിക്കട |
| 7 | സുനി.എസ്, പറവട്ടത്ത്, അറന്തുറ്റിമംഗലം | II,443 | പോഗ് ലൻ കമ്പ്യൂട്ടേഴ്സ് |
| 8 | വിജു.വി പുവനേത്ത് ലക്ഷംവീട്, വെൺമണി | X,225 | ഇൻഫോസ് മീഡിയ |
| 9 | എം.പി.വേണുഗോപാൽ മാമൂട്ടിൽ തെക്കേതിൽ,വെൺമണി | XII,387 | സ്റ്റേഷനറി& വെജിറ്റബിൾസ് |
| 10 | വിദ്യാ.പി.പിള്ള | XIII,453 | പൂജാ സ്റ്റോഴ്സ് |

| | | | |
|---|---|---|---|
| | ചാത്തവന പുത്തൻ വീട്,പുന്തല | | |
| 11 | സെയ്തു മുഹമ്മദ് റാവുത്തർ<br>കളരിക്കൽ പടീറ്റേതിൽ | XIV,388 | പ്രീമിയർ സ്റ്റോഴ്സ് |
| 12 | സജീഷ് ബാബു.<br>നല്ലവീട്ടിൽ, കൊഴുവല്ലൂർ | VII, 370B | സ്റ്റേഷനറി |
| 13 | അൻസാരി.കെ.ഹനീഫ്<br>കെ.എ.എച്ച്.മൻസിൽ | XIV,490 | ഡിജിറ്റൽ സ്റ്റുഡിയോ |
| 14 | അനിൽ ജോയി<br>അമ്പ്ചക്കലം മൻസിൽ,കുന്നം | | അന്ന ഒപ്റ്റിക്കൽസ് |
| 15 | രാജൻ തോമസ്<br>കുന്നയ്ക്കൽ വീട്, വെൺമണി | XIV,196 A | കോൾഡ് സ്റ്റോറേജ് |
| 16 | ഹാറൂൺ.എം.ഹനീഫ്<br>വാഴപ്പിടശ്ശേരിൽ, പുന്തല | IX, 36 | വാഴപ്പിടശ്ശേരിൽ ട്രേഡേഴ്സ് |
| 17 | പി.കെ.അജയഘോഷ്<br>വരവേൽ,വെൺമണി | X,373D | മിറാമാക്സ് പ്രിന്റിംഗ് &സ്റ്റുഡിയോ |
| 18 | ജോർജ്ജ് മാത്യു, വെട്ടത്ത് കിഴക്കേതിൽ | VI,54 | എസ്.എസ്.കൂൾബാർ |
| 19 | ലാലി ശ്രീകുമാർ<br>ഉഷാ ഭവനം, പുന്തല | VII,372 | ഫ്ലവർമിൽ |
| 20 | ജേക്കബ്ബ് മാത്യു<br>ചെറുവള്ളേൽ | XIV,155C | ബിന്ദു കാറ്ററിംഗ് |
| 21 | തോമസ് ചാക്കോ<br>നാടാവള്ളിൽ കിഴക്കേതിൽ | XIV,369/370 | റിയൽ അലുമിനിയം ഫാബ്രിക്കേഷൻ |
| 22 | ലാലു വർഗ്ഗീസ്<br>ലാലു വില്ല, പൂവക്കാട്ടിൽ,വെൺമണി | X,508 | പൂവക്കാട്ടിൽ ഏജൻസീസ് |
| 23 | മധുസൂദനക്കുറുപ്പ്<br>പുത്തൻവീട്ടിൽ,കൊഴുവല്ലൂർ | II, 419 | മാർജിൻ ഫ്രീ ഷോപ്പ് |

പഞ്ചായത്ത് ചുറ്റളവിൽ പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരുന്നതിന് നടപടി സ്വീകരിക്കേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത തുടർ നപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-17 റേഷൻ കടകളെ ലൈസൻസ് ഫീസ്, തൊഴിൽനികുതി പരിധിയിൽ ഉൾപ്പെടുത്തുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിലെ റേഷൻകടകളിൽ നിന്നും തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കുന്നില്ല. 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ റേഷൻ വ്യാപാരികളെയും (പട്ടിക I-ക്രമ നം. 149) ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, 22.01.2019-ലെ (സി.എസ്) എ.9-764/2019-ാം നം.സർക്കുലർ പ്രകാരവും റേഷൻകടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ റേഷൻകടകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനും ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 കാലഹരണപ്പെട്ട ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നില്ല

കേരള ഫിനാൻഷ്യൽ കോഡിലെ ആർട്ടിക്കിൾ 282 പ്രകാരം 3 വർഷത്തിലധികമുള്ള നിക്ഷേപങ്ങൾ/നിരതദ്രവ്യം തുകകൾ സർക്കാർ/തദ്ദേശ സ്ഥാപനത്തിന്റെ അക്കൌണ്ടിലേക്ക് മുതൽക്കൂട്ടാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത നിബന്ധന പ്രകാരമുള്ള കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് നാളിതുവരെ മുതൽക്കൂട്ടിയിട്ടില്ലെന്ന് കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

<u>ഇ.എം.ഡി</u>

| തീയതി | രസീത് നമ്പർ/വൌച്ചർ നമ്പർ | ഡെപ്പോസിറ്ററുടെ പേര് | തുക |
|---|---|---|---|
| 20.03.14 | 11301103590 | മനോജ് | 5100 |
| 20.03.14 | 11301103589 | സുനിൽ കുമാർ | 5100 |
| | 11301103568 | അജിത് അരവിന്ദ് | 5100 |
| ലഭ്യമല്ല | ലഭ്യമല്ല | ഫ്യൂച്ചർ മോട്ടോഴ്സ്,കൊച്ചി | 2375 |
| ” | ” | കടവിൽ ഇൻഫോ ടെക് | 2500 |

<u>കോൺട്രാക്ടേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ്</u>

| | | | |
|---|---|---|---|
| 28.03.13 | 11202100112 | കെ.എം.അസോസിയേറ്റ്സ് | 9295 |
| 10.12.13 | 11202102343 | കെ.എം.അസോസിയേറ്റ്സ് | 4240 |
| 10.12.13 | 11202102343 | കെ.എം.അസോസിയേറ്റ്സ് | 7500 |
| 08.03.15 | 11401400005 | മാത്യു ജോർജ്ജ് | 3000 |

<u>സപ്ലൈയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ്</u>

| | | | |
|---|---|---|---|
| 05.03.15 | 1140140004 | ജി.ഇ. സർവ്വീസ് | 2500 |

<u>ബിഡ്ഡേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ്</u>

| | | | |
|---|---|---|---|
| 10.06.15 | 11561101451 | ദേവസഹായം, വെൺമണി. | 2000 |

ആകയാൽ മേൽ സൂചിപ്പിച്ച പ്രകാരമുള്ള സെക്യൂരിറ്റി തുകകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ആയതിന്റെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 ക്രമീകരിക്കുവാൻ ശേഷിക്കുന്ന മുൻകൂറുകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വോള്യം I അനുച്ഛേദം 99 പ്രകാരം മുൻകൂർ കൈപ്പറ്റി 3 മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. നിയമ പ്രകാരമുള്ള സമയപരിധിയ്ക്കകം മുൻകൂർ ക്രമീകരിക്കുന്നതിനുള്ള രേഖകൾ സമർപ്പിച്ചിട്ടില്ലെങ്കിൽ മുഴുവൻ തുകയും തുക പിൻവലിച്ച ദിവസം മുതൽ 18% പലിശ കണക്കാക്കി ആയത് സഹിതം തിരികെ ഈടാക്കണമെന്ന് 4/10/11-ലെ ജി.ഒ(പി)419/11/ഫിൻ നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ 2018-19 വർഷങ്ങളിൽ വിവിധ ആവശ്യങ്ങൾക്ക് നൽകിയ മുൻകൂറുകൾ ഓഡിറ്റ് തീയതിയിലും ക്രമീകരിക്കാതെ അവശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മുൻകൂർ കൈപ്പറ്റിയ നിർവ്വഹണ ഉദ്യോഗസ്ഥൻ | കൈപ്പറ്റിയ തുക | വൌച്ചർ നമ്പർ/ തീയതി |
|---|---|---|---|
| 1 | വെറ്ററിനറി സർജൻ | 25000 | 21800121/ 16.05.18 |
| 3 | മെഡിക്കൽ ഓഫീസർ. (പി.എച്ച്.സി) | 30000 | 21800122/16.05.18 |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവേദം)) | 20000 | 21800160/08.06.18 |
| 5 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 10000 | 21800161/08.08.18 |
| 6 | അഗ്രിക്കൾച്ചറൽ ഓഫീസർ | 25000 | 21800459/22.11.18 |
| | ആകെ | 1,10,000 | |

മുൻകൂർ കൈപ്പറ്റി നാളിതുവരെയും ക്രമീകരിക്കാത്ത സാഹചര്യത്തിൽ തുക കൈപ്പറ്റിയ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി ജി.ഒ(പി)419/11/ഫിൻ.,തീയതി 04.10.2011 പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയം അടിയന്തിര തുടർനടപടികൾക്കായി ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-20 ഇ-സബ്മിഷൻ ടെണ്ടർ -ടെണ്ടർ ഫീ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തില്ല

28.09.2013-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത്

പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. 2018-19 സാമ്പത്തിക വർഷം ഇപ്രകാരം ഇ ടെണ്ടർ ചെയ്ത പ്രവർത്തികളുടെ ടെന്റർ ഫീസിനത്തിലെ തുകയായ 27,200/-രൂപ എൽ.എസ്.ജി.ഡി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൗണ്ടിലേക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ അക്കൌണ്ടിൽ വരവ് വയ്ക്കേണ്ട പ്രസ്തുത തുക നാളിതുവരെയായിട്ടും പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. തുക തനതുഫണ്ടിൽ മുതൽക്കൂട്ടാനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-21 കിഴങ്ങ് വർഗ്ഗ കൃഷി വ്യാപനം - നടീൽ വസ്തുക്കളുടെ വിതരണവിവരം ലഭ്യമല്ല - ചെലവ് തുക 665118/- രൂപ തടസ്സത്തിൽ വയ്ക്കുന്നു

1) പ്രോജക്ട് നം. - 156/19

നിർവഹണം -കൃഷി ഓഫീസർ

| ട്രഷറി ബിൽ നം. / ചെക്ക് നം. | തുക | ഫണ്ടിനം |
|---|---|---|
| 02/18-19/24-01-19 | 450000 | വികസന ഫണ്ട് |
| 769328/15-03-19 | 215118 | തനത് ഫണ്ട് |
| ആകെ | 665118 | |

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്ടിൽ ചേമ്പ്, ചേന, കാച്ചിൽ തുടങ്ങിയ നടീൽ വസ്തുക്കളുടെ വിലയായി ആകെ 665118/-രൂപ താഴെപറയും പ്രകാരം ഗ്രാമശ്രീ ഇക്കോ ഷോപ്പിന് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത നടീൽ വസ്തുക്കൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും അവ ആർക്കൊക്കെ വിതരണം നടത്തി എന്നത് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. കൂടാതെ പ്രോജക്ടിന്റെ നിർവഹണം സംബന്ധിച്ച് മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം തേടി നല്കിയ ഓഡിറ്റ് എൻക്വയറി (നം.11/30.11.2020) ക്ക് മറുപടി നല്കിയിട്ടില്ല . മേൽ കാരണങ്ങളാൽ ചെലവ് തുക 665118/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. നടീൽ വസ്തുക്കളുടെ വിതരണ വിവരം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-22 തെരുവ് വിളക്ക് അറ്റകുറ്റപ്പണിയിലെ അപാകതകൾ - ചെലവ് തുക 179689/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

തെരുവ് വിളക്ക് അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട് നിർവ്വഹണോദ്യോഗസ്ഥനായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 2018-19 വർഷം രണ്ട് പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

1 ) പ്രോജക്ട് നം - 90/19 – തെരുവ് വിളക്ക് അറ്റകുറ്റപ്പണി

ഈ പദ്ധതിക്കു കീഴിൽ 225 തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി നിർവ്വഹിക്കുന്നതിന് ചുവടെ വിവരിക്കും പ്രകാരം ആകെ 91639/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് മത്സരാധിഷ്ഠിത ദർഘാസ് മുഖേന ക്വട്ടേഷൻ ക്ഷണിക്കുകയും ആയതിൽ കുറഞ്ഞ നിരക്കായ ഒന്നിന് 407/-രൂപ അംഗീകരിച്ചതിൻ പ്രകാരമാണ് ഇപ്രകാരം തുക ചെലവഴിച്ചത്.

| ക്രമ നം | ചെക്ക് നം | തുക | റിമാർക്സ് |
|---|---|---|---|
| 1 | 9803/05- | 28897 | 9, 10 എന്നീ വാർഡുകളിയായി 71 ട്യൂബ് |

| | | | |
|---|---|---|---|
| | 11-18 | | ലൈറ്റുകൾ അറ്റകുറ്റപ്പണി നടത്തിയതിന് നല്കിയ തുക |
| 2 | 9819/15-11-18 | 25234 | 7, 8 എന്നീ വാർഡുകളിയായി 62 ട്യൂബ് ലൈറ്റുകൾ അറ്റകുറ്റപ്പണി നടത്തിയതിന് നല്കിയ തുക |
| 3 | 9824/29-11-18 | 37508 | 4, 5, 6 എന്നീ വാർഡുകളിയായി 92 ട്യൂബ് ലൈറ്റുകൾ അറ്റകുറ്റപ്പണി നടത്തിയതിന് നല്കിയ തുക |
| | ആകെ | 91639/- | |

എന്നാൽ ഗ്രാമപഞ്ചായത്തിന്റെ 'സുലേഖ' ചെലവു പത്രിക പ്രകാരം ഈ പദ്ധതിക്കു കീഴിൽ ആകെ ചെലവ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ളത് 62678/-രൂപ മാത്രമാണ്. 28961/- രൂപയുടെ വ്യത്യാസം എപ്രകാരമെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല. കൂടാതെ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി കൃത്യമായി പൂർത്തീകരിച്ചതു സംബന്ധിച്ച് കെ.എസ്.ഇ.ബി.യിൽ നിന്നുള്ള പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല.4,5,6 വാർഡുകളിൽ

ആകെ 92 പോസ്റ്റുകളുടെ അറ്റകുറ്റപ്പണിക്കുള്ള തുകയാണ് നൽകിയതെങ്കിലും പ്രസ്തുത വാർഡുകളിലെ മെമ്പറന്മാർ നൽകിയ സാക്ഷ്യപത്രം പ്രകാരം 94 പോസ്റ്റുകളിലെ അറ്റകുറ്റപ്പണിയാണ് നിർവ്വഹിച്ചിട്ടുള്ളത്. പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച ദർഘാസ് വ്യവസ്ഥകൾ പ്രകാരം കേടായ വിളക്കുകൾ അഴിച്ച് മാറ്റി റിപ്പയർ ചെയ്ത് പുന:സ്ഥാപിക്കുന്നതിനാണ് നിരക്ക് ക്വോട്ട് ചെയ്യാൻ ആവശ്യപ്പെട്ടിരുന്നത്. ഇതുപ്രകാരം 225 പോസ്റ്റുകളിലെ റിപ്പയറിംഗ് നടന്നു കഴിഞ്ഞപ്പോൾ ഇതേ എണ്ണം (225) ലൈറ്റ് ഫിറ്റിംഗ്സ് ചുവടെ പ്രകാരം വീണ്ടും വാങ്ങിയിട്ടുണ്ട്.

2) പ്രോജക്ട് നം - 259/19

പ്രോജക്ടിന്റെ പേര് - തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ

തെരുവ് വിളക്ക് അറ്റകുറ്റപ്പണിക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായുള്ള ഈ പ്രോജക്ടിനു കീഴിൽ യുണൈറ്റഡ് ഇലക്ട്രിക്കൽസ്, കൊല്ലം എന്ന സ്ഥാപനത്തിന്റെ 13-03-2019 ലെ ഇൻവോയിസ് നം. 710 പ്രകാരം 88050/- രൂപ ചെലവഴിച്ച് (ചെക്ക് നം. 11918/30-03-2019) താഴെ പറയും പ്രകാരം ഇലക്ട്രിക്കൽ സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

a ) COPPER BALLAST FOR 36/40 W FTL -225 എണ്ണം

b ) FLUORESCENT TUBE LIGHT 36 W - 225 എണ്ണം

c ) BULB SHADE - 225 എണ്ണം

d ) PENDANT HOLDER FOR BULB AND CFL -225 എണ്ണം

e ) LED BULB 9 W -300 എണ്ണം

മേൽ പറഞ്ഞ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും അവയുടെ വിതരണവിവരം രേഖപ്പെടുത്തിയിട്ടില്ല. 225 പോസ്റ്റുകളുടെ അറ്റകുറ്റപ്പണി കഴിഞ്ഞ സ്ഥിതിക്ക് ഇതേ ആവശ്യത്തിന് വീണ്ടും ലൈറ്റ് ഫിറ്റിംഗ്സ് വാങ്ങിയതിന്റെ ആവശ്യം വ്യക്തമാകുന്നില്ല.

മേൽ പറഞ്ഞിരിക്കുന്ന അപാകതകൾക്ക് വിശദീകരണം തേടി നല്കിയ ഓഡിറ്റ് എൻക്വയറി (നം. 8/27.11.2020) ക്ക് മറുപടി നല്കിയിട്ടില്ല.മേൽ സാഹചര്യത്തിൽ ഈ രണ്ടു പദ്ധതികൾക്കും കീഴിൽ ചെലവഴിച്ച 179689/- രൂപ (91639+88050) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകളിൽ വിശദീകരണവും രേഖകളും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-23 ചെലവ് രേഖകളുടെ അഭാവത്തിൽ 600000 രൂപ – തടസ്സത്തിൽ വയ്ക്കുന്നു

പ്രോജക്ട് നം. -157/19

പ്രോജക്ടിന്റെ പേര് - പച്ചക്കറി വികസനം

നിർവഹണം - കൃഷി ഓഫീസർ
അടങ്കൽ – 6,67,500

പച്ചക്കറി ക്ലസ്റ്റർ അംഗങ്ങളായ കർഷകർക്ക് സൗജന്യമായി വിത്ത് 75 % സബ്സിഡി നിരക്കിൽ ജൈവ വളം, പച്ചക്കറിക്കൃഷിക്ക് കൂലിച്ചെലവ് എന്നിവ നല്കുന്നതിനായാണ് ഈ പ്രോജക്ട് ആവിഷ്കരിച്ചിട്ടുള്ളത്.
പ്രോജക്ടിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

എ) 30000/- രൂപ ചെലവഴിച്ച് (ട്രഷറി ബിൽ നം 04/18-19/22-02-19 ) സ്റ്റേറ്റ് സീഡ് ഫാം, അറുനൂറ്റിമംഗലം, മാവേലിക്കരയിൽ നിന്ന് Assorted vegetable seeds ന്റെ 150 കിറ്റ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും വിതരണം സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല. കൃഷി ഓഫീസറുടെ നടപടി ഉത്തരവിൽ 6 രജിസ്റ്റേഡ് പച്ചക്കറി ക്ലസ്റ്ററിലെ അംഗങ്ങൾക്കായി വിതരണം ചെയ്തു എന്ന് മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കർഷകരുടെ പേര് വിവരമോ ഒരാൾക്ക് എത്ര കിറ്റ് വീതം വിതരണം ചെയ്തു എന്നത് സംബന്ധിച്ചുള്ള വിശദാംശങ്ങളോ ഫയലിലില്ല.
ബി) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്ന് 360000 രൂപയുടെ വളം വാങ്ങി (ഇൻവോയിസ് നം. V-756A/18-19/29-01-10). എന്നാൽ ഇതിന്റെ വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല. വളത്തിന്റെ സബ്സിഡിയായി 270000/- രൂപ (ട്രഷറി ബിൽ നം. 05/18-19/22-02-19) വികസന ഫണ്ടിൽ നിന്ന് പിൻവലിച്ച് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷന് നല്കിയിട്ടുണ്ട്. വളം വാങ്ങുന്നതിനായി 90000/- രൂപ ഗുണഭോക്തൃ വിഹിതം പിരിച്ചിട്ടുണ്ടെങ്കിലും 67500/- രൂപ (ചെക്ക് നം. 0550403/31-03-19) മാത്രമേ പിൻവലിച്ച് സ്ഥാപനത്തിന് നൽകിയിട്ടുള്ളൂ. ബാക്കി 22500/- രൂപയുടെ വിനിയോഗവിവരം വ്യക്തമാക്കിയിട്ടില്ല.
സി) ഈ പ്രോജക്ടിന്റെ ഭാഗമായി ബ്ലോക്ക് ഷെയർ 300000/- രൂപ (ചെക്ക് നം. 1424563/27-03-2019) 103 ആളുകൾക്ക് കൂലിച്ചെലവ് നല്കാനായി വിനിയോഗിച്ചിട്ടുണ്ട്. ഈ ചെലവുമായി ബന്ധപ്പെട്ട് ബിൽകോപ്പിയല്ലാതെ മറ്റ് അനുബന്ധരേഖകൾ ഒന്നും തന്നെ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ഗുണഭോക്താക്കളുടെ അപേക്ഷ, എത്ര സ്ഥലത്ത് കൃഷി ചെയ്തുയെന്നത് സംബന്ധിച്ച രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം തേടി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/30.11.2020) മറുപടി നല്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ പദ്ധതിക്ക് കീഴിൽ ചെലവഴിച്ച 6,00,000/- (30,000+2,70,000+3,00,000) രൂപ തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 അഗതിരഹിത കേരളം പദ്ധതി - ചെലവഴിക്കാത്ത തുക 90000/- രൂപ കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടയ്ക്കുക

പ്രോജക്ട് നം. - 159/19

പ്രോജക്ടിന്റെ പേര് - അഗതി രഹിത കേരളം (ആശ്രയ പരിചരണ പാക്കേജ് )

നിർവഹണം -അസിസ്റ്റന്റ് സെക്രട്ടറി

ഈ പ്രോജക്ടിന്റെ നിർവഹണത്തിനായി 90000/- രൂപ (ട്രഷറി ബിൽ നം.09/18-19/19-03-19) പിൻവലിച്ച് സി.ഡി.എസിന് നല്കിയിട്ടുണ്ട്. അഗതി ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട അർഹരായ ഗുണഭോക്താക്കൾക്ക് വീട് അറ്റകുറ്റപ്പണിക്ക് ധനസഹായം നല്കുന്നതിനായാണ് പ്രോജക്ട് ആവിഷ്കരിച്ചിട്ടുള്ളത്. എന്നാൽ ഈ തുക 2019-20 സാമ്പത്തിക വർഷത്തിലും സി. ഡി. എസിന്റെ അക്കൗണ്ടിൽ നിക്ഷേപമായി തുടരുകയാണ്. അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 3/23.11.2020) സി.ഡി.എസ്. നല്കിയ വിശദീകരണത്തിൽ 14-02-2020 ൽ നടന്ന അടിയന്തിര പഞ്ചായത്ത് കമ്മിറ്റിയിലെ 11 (1) തീരുമാന പ്രകാരം 2 അഗതികളെ കൂടി പ്രോജക്ടിൽ ഉൾപ്പെടുത്തുകയും ടി അഗതികൾക്ക് ഭക്ഷണമിനത്തിൽ വരുന്ന തുക പഞ്ചായത്ത് വിനിയോഗിക്കണമെന്ന് (സ്റ്റേറ്റ് മിഷനിൽ നിന്ന് അനുമതി ലഭിക്കുന്നതുവരെ) തീരുമാനിച്ചതായും ടി അഗതികൾക്ക് മാർച്ച് 2020 മുതൽ ഒക്ടോബർ 2020 വരെയുള്ള സമയത്ത് ഭക്ഷണം നല്കുന്നതിനായി 9600/- രൂപ ഈ ഫണ്ടിൽ നിന്ന് വിനിയോഗിച്ചതായും അറിയിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് നം 22/18/ത.സ്വ.ഭ.വ./തിരുവനന്തപുരം /14-02-2018 ഖണ്ഡിക 2 . 11 പ്രകാരം പ്രത്യേകം അനുവദിക്കപ്പെട്ട സംഗതികളിൽ ഒഴികെ സബ്സിഡി നല്കാവുന്നതല്ലയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ടിൽ പറഞ്ഞിരിക്കുന്ന പ്രകാരം വീട് അറ്റകുറ്റപ്പണിക്ക് ധനസഹായം നല്കുക എന്ന പ്രവൃത്തി നടത്താതിരുന്നതിനും

ചെലവിന്റെ ആവശ്യകതയും പ്രവൃത്തി നടന്നുവെന്നതും ഉറപ്പാക്കാതെ വികസനഫണ്ടിൽ നിന്നും തുക അഡ്വാൻസായി പിൻവലിച്ചതിനും വിശദീകരണം നല്കേണ്ടതാണ്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വികസനഫണ്ടിൽ നിന്നും അഡ്വാൻസായി പിൻവലിച്ച തുക 90000/- രൂപ സി.ഡി.എസ്. അക്കൗണ്ടിൽ നിന്ന് പലിശ സഹിതം തിരികെ ഈടാക്കി സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതും വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-25 എസ്.സി. പെൺകുട്ടികൾക്ക് വിവാഹധനസഹായം-ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു

1 ) പ്രോജക്റ്റ് നം - 151/19

പ്രോജക്റ്റിന്റെ പേര്- എസ്.സി. പെൺകുട്ടികൾക്ക് വിവാഹധനസഹായം

നിർവഹണം - അസിസ്റ്റന്റ് സെക്രട്ടറി

ഈ പ്രോജക്റ്റ് പ്രകാരം 5 ഗുണഭോക്താക്കൾക്ക് 75000/- രൂപ വീതം 225000/-രൂപ (ബിൽ നം.4/18-19/29.11.2018) വിവാഹധനസഹായമായി വികസന ഫണ്ടിൽ നിന്ന് നല്കിയിട്ടുണ്ട്. ഇതിൽ താഴെപ്പറയുന്ന 3 ഗുണഭോക്താക്കളുടെ അപേക്ഷയോടൊപ്പം പട്ടികജാതി വികസന ഓഫീസിൽ നിന്ന് ആനുകൂല്യം ലഭിച്ചിട്ടില്ലയെന്ന സർട്ടിഫിക്കറ്റ് വച്ചിട്ടില്ല.

എ) സുഷമ, പെരുന്തുരുത്തിൽ തെക്കേതിൽ, പുന്തല പി.ഒ.

ബി) രജനി, ചെറിലേത്ത് തെക്കേതിൽ, കൊഴുവല്ലൂർ പി.ഒ.

സി) വൽസല രവി, ആകാശ് ഭവൻ, വെണ്മണി പടിഞ്ഞാറ്

സബ്സിഡി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ ) നം. - 22/2018/ത.സ്വ.ഭ.വ. 14-02-18 പ്രകാരം പട്ടികജാതി വികസന വകുപ്പിൽ നിന്ന് ഈ ആനുകൂല്യം കൈപ്പറ്റിയവർക്ക് പഞ്ചായത്തിൽ നിന്ന് ഈ ആനുകൂല്യം നല്കാൻ പാടില്ലാത്തതാണ്. എന്നാൽ പട്ടികജാതി വികസന ഓഫീസിൽ നിന്നും ഇതേ ആവശ്യത്തിന് ധനസഹായം ലഭിച്ചിട്ടില്ലെന്ന സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ ഗുണഭോക്താക്കളുടെ ധനസഹായത്തിനുള്ള അർഹത നിർണ്ണയിക്കാൻ സാധിക്കുന്നില്ല. മേൽ അപാകതക്ക് വിശദീകരണം തേടി 23.11.2020-ൽ നല്കിയ ഓഡിറ്റ് എൻക്വയറി നം. 3 ന് നല്കിയ വിശദീകരണത്തിൽ പട്ടികജാതി വികസന ഓഫീസിൽ നിന്നുള്ള സാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്. പട്ടികജാതി വികസന ഓഫീസിൽ നിന്നുള്ള സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 225000/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 എസ്.സി. വിദ്യാർത്ഥികൾക്ക് മേശ, കസേര എന്നിവ വാങ്ങി നൽകൽ - പട്ടികജാതി വികസന വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 59996/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവഹണം - അസിസ്റ്റന്റ് സെക്രട്ടറി
പ്രോജക്റ്റ് നം 107/19

സിഡ്കോയിൽ നിന്ന് സ്റ്റീൽ കസേര, മേശ എന്നിവ വാങ്ങി എസ്.സി. വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു. മേൽ പ്രോജക്റ്റിനു കീഴിൽ 54 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്റ്റീൽ കസേര, മേശ എന്നിവ വാങ്ങി നൽകുന്നതിന് 1 ന്4999.65/- രൂപ പ്രകാരം ആകെ 269981/- രൂപ ചുവടെ വിവരിക്കും പ്രകാരം സിഡ്കോയ്ക്ക് നൽകിയിട്ടുണ്ട്.

| | ചെലവഴിച്ച തുക | ട്രഷറി ബിൽ നം. | വാങ്ങിയ സാധനം |
|---|---|---|---|
| | 99993 | 10/18-19/23-03-19 | 20 മേശ, 20കസേര |
| | 69995 | 14/18-19/26-03-19 | 14 മേശ, 14 കസേര |
| | 99993 | 15/18-19/ 26-03-19 | 20 മേശ, 20 കസേര |
| | | | |

| | | | |
|---|---|---|---|
| ആകെ | 269981 | | |

സബ്സിഡി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നം. - 22/2018/ത.സ്വ.ഭ.വ. 14-02-18 പ്രകാരം പട്ടികജാതി വികസന വകുപ്പിൽ നിന്നും ഇതേ ആവശ്യത്തിന് ആനുകൂല്യം ലഭിച്ചവർക്ക് വീണ്ടും ഈ പദ്ധതിയാനുകൂല്യത്തിനർഹരല്ല. എന്നാൽ ചുവടെ വിവരിക്കുന്ന 12 ഗുണഭോക്താക്കൾക്ക് ഇപ്രകാരം പട്ടികജാതി വികസന വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ല എന്നു വ്യക്തമാക്കുന്ന സാക്ഷ്യപത്രം ലഭിച്ചിട്ടില്ല എന്നു കാണുന്നു. അതിനാൽ പ്രസ്തുത ഗുണഭോക്താക്കളുടെ ആനുകൂല്യത്തിനുള്ള അർഹത സ്ഥിരീകരിക്കപ്പെടുന്നില്ല. 7.2.7 പ്രകാരം സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നല്കുന്ന ലിസ്റ്റ് പ്രകാരം ഫർണിച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണം. എന്നാൽ പ്രസ്തുത പ്രോജക്ടിൽ ഇപ്രകാരം ചെയ്യാതെ നിർവഹണോദ്യോഗസ്ഥൻ നേരിട്ട് വിതരണം ചെയ്തിരിക്കുകയാണ്. ആനുകൂല്യം കൈപ്പറ്റിയ വിദ്യാർത്ഥികളിൽ പലരുടെയും അപേക്ഷാഫയലിനൊപ്പം പട്ടികജാതി വികസന ഓഫീസിൽ നിന്ന് ആനുകൂല്യം ലഭിച്ചിട്ടില്ലയെന്ന സർട്ടിഫിക്കറ്റ് വച്ചിട്ടില്ല. മേൽ മാർഗ്ഗരേഖയുടെ ഖണ്ഡിക 7.2.1 പ്രകാരം പട്ടികജാതി വികസന വകുപ്പിൽ നിന്ന് ഈ ആനുകൂല്യം കൈപ്പറ്റിയവർക്ക് പഞ്ചായത്തിൽ നിന്ന് ഈ ആനുകൂല്യം നല്കാൻ പാടില്ലാത്തതാണ് . സർട്ടിഫിക്കറ്റില്ലാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

1 . അതുൽ. എം., തെക്കേ വിളയിൽ

2 . ആവണി പ്രദീപ , ഒട്ടക്കോട്ട്

3 . നീതുപ്രസാദ്, പള്ളിപ്പുറത്ത് പടിഞ്ഞാറ്റേതിൽ

4നന്ദനസുഭാഷ്, സൂര്യഭവനം

5അർജ്ജുൻ. ജി. അശോക്, അപർണ ഭവനം

6 ലക്ഷ്മിരാജ്, പുളിഞ്ചിക്കാട്ടിൽ ( പട്ടികജാതി വികസന ഓഫീസിൽ നിന്നുള്ള സർട്ടിഫിക്കറ്റിന്റെ ഫോട്ടോ കോപ്പിയാണ് വച്ചിട്ടുള്ളത്. )

7 സായൂജ്, കൊച്ചുമോടിയിൽ പടിഞ്ഞാറ്റേതിൽ

8 മേഘ മനോജ്, മനുഭവനം

9 ആവണി കൃഷ്ണ വടക്കേകാലുവേലിൽ

10 സിയാൻ സെൻ ദ്രാവിഡ്, പാട്ടുകളത്തിൽ

11 ആര്യൻ, പുഷ്പവിലാസം

12 കാജൽ. പി. കലേഷ്, പള്ളത്താഴത്തേതിൽ

മേൽ അപാകതക്ക് വിശദീകരണം തേടി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 3/23.11.2020) ലഭിച്ച വിശദീകരണത്തിൽ മേൽ സൂചിപ്പിച്ചിരിക്കുന്ന ഗുണഭോക്താക്കളുടെ പട്ടികജാതി വികസന ഓഫീസിൽ നിന്നുള്ള സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ടി സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ 12 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാൻ ചെലവഴിച്ച 59996/- രൂപ തടസ്സപ്പെടുത്തുന്നു. സർട്ടിഫിക്കറ്റ് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 ഉമ്മർകാല റോഡ് ടാറിംഗ്- എസ്റ്റിമേറ്റ് റിപ്പോർട്ടിൽ അധികരിച്ച അളവിൽ പ്രവൃത്തി നടത്തി

ഉമ്മർകാല റോഡ് ടാറിംഗ് (വാർഡ് 1)

ഉമ്മർകാല റോഡ് ടാറിംഗ് എന്ന പ്രവൃത്തിയുടെ ഫയൽ, എം.ബുക്ക് എന്നിവ പരിശോധിച്ചതിൽ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ അധികരിച്ച അളവിൽ പ്രവൃത്തി നടത്തി തുക ചെലവഴിച്ചതായി കാണുന്നു. എസ്റ്റിമേറ്റ് റിപ്പോർട്ട്, ഡിറ്റെയിൽഡ് എസ്റ്റിമേറ്റ് റിപ്പോർട്ട്, പ്രോജക്ട് എന്നിവ പ്രകാരം റോഡിന് 131 മീറ്റർ നീളം, 3 മീറ്റർ വീതി, .75mm കനത്തിലാണ് ടാറിംഗ് പ്രവൃത്തികൾ നടത്തേണ്ടത്. ഡിറ്റെയിൽഡ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ലംപ്സം പ്രൊവിഷനായി 38607/- രൂപ ഉൾപ്പെടുത്തിയിരുന്നു. എസ്റ്റിമേറ്റിന്റെ 5% കവിയാത്ത തുക മാത്രമേ ലംപ്സം പ്രൊവിഷനായി ഉൾപ്പെടുത്താവൂ എന്നിരിക്കെ

9.7% വരുന്ന തുക ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ റിവൈസ്ഡ് എസ്റ്റിമേറ്റോ, കംപാരറ്റീവ് സ്റ്റേറ്റ്മെന്റോ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അപ്രൂവ് ചെയ്തിട്ടില്ല. ലംപ്സം പ്രൊവിഷൻ ഉപയോഗപ്പെടുത്തി പ്രവൃത്തിക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി 147 മീറ്റർ നീളത്തിലും 3 മീറ്റർ വീതിയിലും .15mm കനത്തിലുമാണ് പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്നത്. എസ്റ്റിമേറ്റ് റിപ്പോർട്ടിലും സൈറ്റ് പ്ലാനിലും പ്രോജക്ടിലും 131 മീറ്റർ നീളം, 3 മീറ്റർ വീതി, .75 mm കനത്തിലാണ് ടാറിംഗ് പ്രവൃത്തികൾ നടത്തേണ്ടതെന്നിരിക്കെ മേൽപ്പറഞ്ഞപ്രകാരം ടാറിംഗ് പ്രവർത്തികൾ നടത്തിയതിന്റെ ആവശ്യകത വ്യക്തമാക്കുന്ന യാതൊന്നും ഫയലിൽ ഉൾക്കൊള്ളിച്ചിട്ടില്ല. ഇത് സംബന്ധിച്ച് പഞ്ചായത്ത് കമ്മറ്റിയുടെ അനുമതി രേഖകളും ഫയലിൽ കാണുന്നില്ല. മാത്രമല്ല, മതിയായ തുകയ്ക്കുള്ള (20,000/-) സെക്യൂരിറ്റി ഡെപ്പോസിറ്റ് വെയ്ക്കാതെയാണ് പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളതെന്നും കാണുന്നു. 29-11-2017 ൽ കരാർ ഉടമ്പടി ഒപ്പുവെച്ചെങ്കിലും സ്ഥലം ഏറ്റെടുക്കുന്നത് 25-12-2017 ൽ മാത്രമാണ്. സൈറ്റ് കണ്ടീഷനിൽ എന്തെങ്കിലും മാറ്റം വന്നിട്ടുള്ളതായി അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. മേൽ അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/30.11
.2020) മറുപടി ലഭിച്ചിട്ടില്ല. കൂടിയ നിരക്കിൽ ഉൾപ്പെടുത്തിയ ലംപ്സം പ്രൊവിഷൻ ഉപയോഗപ്പെടുത്തി പ്രവൃത്തിക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി വർക്ക് പൂർത്തീകരിച്ചത് ക്രമാനുസൃതമല്ല. ആകയാൽ ഇതിനായി ചെലവഴിച്ച 3,99,092/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു (ബിൽ നം.4/2018-19 തീയതി 26-05-2018).

## 1-28 ജി.എസ്.ടി - 24,606/- രൂപ ഈടാക്കിയില്ല

2018 ലെ CBEC സർക്കുലർ നം .65/39/2018 -DOR പ്രകാരം 01-10-2018 മുതൽ ഒറ്റ കോൺട്രാക്റ്റിൽ രണ്ടര ലക്ഷം രൂപയ്ക്ക് മുകളിലുള്ള വർക്കുകളുടെ ബില്ലുകളിൽ നിന്ന് 2% ടി.ഡി.എസ്. പിടിക്കണം. എന്നാൽ 01-10-2018 ന് ശേഷം മാറിയിട്ടുള്ള താഴെപ്പറയുന്ന വർക്കുകളുടെ ബില്ലുകളിൽ നിന്ന് ടി.ഡി.എസ് പിടിച്ചതായി കാണുന്നില്ല.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/പ്രോജക്ട് നം. | കോൺട്രാക്റ്ററുടെ പേര് | മൂല്യനിർണ്ണയ തുക | ഇടാക്കേണ്ട ജി.എസ്.ടി | ബിൽ നം.തീയതി |
|---|---|---|---|---|---|
| 1 | കക്കട തെക്കതിൽ സൈഡ് കെട്ട് & ഫില്ലിംഗ്. (വാർഡ് 5) | സുനിൽകുമാർ എസ്. | 3,74,760 | CGST 3748/-<br>SGST 3748/- | 28/18-19 തീയതി 31-12-2018 |
| 2 | ഉണ്ടൽപ്പടി കോമൻകുളങ്ങര ചാൽ റോഡ് കോൺക്രീറ്റ് & റിടെയ്നിംഗ് വാൾ | മംഗളൻ.കെ.ആർ | 5,59,245 | CGST 5592<br>SGST 5592- | 14/18-19 തീയതി 30-10-2018 |
| 3 | പാറചന്ത കമ്മ്യൂണിറ്റി ഹാൾ - അധിക സൌകര്യങ്ങൾ | അബ്രഹാം കോശി | 2,96,340 | CGST 2963<br>SGST 2963 | ചെക്ക്. നം 1407143/ തീയതി 27-11-2018 |
| | ആകെ | | | 24,606/- | |

മേൽ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.9/27.11.2020) ലഭ്യമാക്കിയ മറുപടിയിൽ ബില്ലുകളെല്ലാം 01-10-2018 നു മുൻപ് തയ്യാറാക്കിയിട്ടുള്ളതാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ വർക്ക് ബില്ലുകൾ ചെക്ക് മെഷർ ചെയ്തിട്ടുള്ളതും ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളതും 01-10-2018 നു ശേഷമാകയാൽ ഈ മറുപടി അംഗീകരിക്കത്തക്കതല്ല. ആകയാൽ ജി.എസ്.ടി.ഇനത്തിലുള്ള നഷ്ടം ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

## 1-29 സർക്കാർ ഗ്രാന്റ് യഥാസമയം ചെലവഴിക്കാത്തതിനാൽ പഞ്ചായത്തിന് 1,52,79,286/-നഷ്ടമായി

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് വിവിധ ഇനങ്ങളിലുള്ള പദ്ധതി വിഹിതമായി ലഭിച്ച തുക യഥാസമയം ചെലവഴിക്കാത്തതിനാൽ 1,52,79,286/- രൂപ പഞ്ചായത്തിന് നഷ്ടമായി. തൻവർഷാവസാനം ചെലവഴിക്കാതെ ശേഷിച്ച ഫണ്ടിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | അലോട്ട് ചെയ്ത തുക | ചെലവഴിച്ച തുക | ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട് - പൊതു വിഭാഗം | 1,30,23,000 | 1,23,51,738 | 6,71,262 |
| വികസന ഫണ്ട്(എസ്.സി.പി) | 98,18,000 | 83,82,006 | 14,35,994 |
| വികസന ഫണ്ട് - TSP | 1,20,000 | 0 | 1,20,000 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 1,41,96,971 | 50,51,062 | 91,45,909 |
| മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് | 42,21,000 | 27,41,429 | 14,79,571 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 84,18,000 | 59,91,450 | 24,26,550 |
| ആകെ | 4,97,96,971 | 3,45,17,685 | 1,52,79,286 |

ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ ലഭ്യമായ തുക യഥാസമയം ചെലവഴിക്കാൻ കഴിയാത്തതിനാൽ അവ നഷ്ടപ്പെടാൻ ഇടയായി. കൃത്യമായ ആസൂത്രണത്തിലൂടെ, ലഭിക്കുന്ന പദ്ധതിപ്പണം സമയബന്ധിതമായി വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു

### 1-30 മരാമത്തുവർക്കുകളുടെ നിർവ്വഹണത്തിലെ ന്യൂനതകൾ

2018-19 വർഷം നടപ്പാക്കിയ വിവിധ മരാമത്തുവർക്കുകളുടെ നിർവ്വഹണത്തിൽ വന്നിട്ടുള്ള ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1.നടപ്പാക്കിയ വർക്കുകളുടെ സൈറ്റ് പരിശോധിച്ച് കൃത്യമായി എസ്റ്റിമേറ്റ് തയ്യാറാക്കാതിരുന്നതിനാൽ ഭൂരിപക്ഷം വർക്കുകൾക്കും പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹിക്കേണ്ടി വരുന്നു. എന്നാൽ പുതുക്കിയ എസ്റ്റിമേറ്റുകൾക്ക് പഞ്ചായത്ത് കമ്മറ്റി അനുമതി നൽകിയതായി കാണുന്നില്ല. പുതുക്കിയ എസ്റ്റിമേറ്റുകൾക്ക് സാങ്കേതികാനുമതി കിട്ടിയതിന്റെ വിവരങ്ങളും ലഭ്യമല്ല.

2. സപ്ലിമെന്ററി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള വർക്കുകൾക്ക് സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുന്നതായി കാണുന്നില്ല.

3. എസ്റ്റിമേറ്റിന്റെ 5% അധികരിക്കാത്ത തുക മാത്രമേ ലംപ്സം പ്രൊവിഷനായി ഉൾപ്പെടുത്താവൂവെന്നിരിക്കെ 10% ത്തോളം വരുന്ന തുക ലംപ്സം പ്രൊവിഷനായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നു.

4.മതിയായ തുകയ്ക്കുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് വെയ്ക്കാതെയും ചില പ്രവൃത്തികൾ ഏറ്റെടുത്തതായി കാണുന്നു.

മേൽപ്പറഞ്ഞ കാരണങ്ങളാൽ കരാറുകാർ ചെയ്ത പ്രവൃത്തികൾക്കനുസൃതമായി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി തുക പിൻവലിക്കുന്ന സാഹചര്യമാണുള്ളത്. ഇത് പരിശോധിക്കപ്പെടേണ്ടതാണ്.

## 1-31 ലൈഫ് ഭവന പദ്ധതി - അഡ്വാൻസ് തുക കൈപ്പറ്റിയ ഗുണഭോക്താവ് തുടർ പ്രവർത്തനം നടത്തിയില്ല

പ്രോജക്ട് നം.-99/19

പ്രോജക്ടിന്റെ പേര് - ലൈഫ് ഭവന നിർമ്മാണം (ജനറൽ)

നിർവഹണം - വി.ഇ.ഒ

മേൽ പ്രോജക്ട് പ്രകാരം ഭവന നിർമ്മാണത്തിനായി മുൻകൂറായി 40000/- രൂപ (ട്രഷറി ബിൽ നം. 06/ 18-19/ 30-07-2018) കൈപ്പറ്റിയ വിദ്യാ മനോജ്, വല്യപറമ്പിൽ, വെണ്മണി പി.ഒ., വാർഡ് 12 എന്ന ഗുണഭോക്താവ് തുടർ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. ടിയാളിൽ നിന്നും അഡ്വാൻസ് തുക തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് 20.11.2020-ൽ നല്കിയ ഓഡിറ്റ് എൻക്വയറി നം. 2 ന് വി.ഇ.ഒ. നല്കിയ മറുപടിയിൽ മേൽ ഗുണഭോക്താവിന് ഒരു സന്നദ്ധ സംഘടന ഭവനം നിർമ്മിച്ച് നല്കിയതായും സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന ഈ കുടുംബത്തിന് തുക നാളിതുവരെയും തിരികെയടക്കാൻ സാധിക്കാതെ വന്നതായും 2020 ഡിസംബർ 31 ന് മുമ്പായി തുക തിരികെയടക്കാമെന്ന് ഗുണഭോക്താവ് പറഞ്ഞിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. ടി തുക തിരികെ ഈടാക്കി സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ അടക്കേണ്ടതും വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. മേൽ കാരണങ്ങളാൽ ചെലവ് തുക 40000/- രൂപ തടസ്സപ്പെടുത്തുന്നു.

2018-19 സാമ്പത്തിക വർഷം ലൈഫ് ഭവന പദ്ധതിയിൽ എസ്. സി., ജനറൽ വിഭാഗങ്ങളിലായി 33 ഗുണഭോക്താക്കൾ കരാർ വച്ചതിൽ 28 പേർ 2018-19 സാമ്പത്തിക വർഷത്തിൽ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 4 പേർ 2019-20 സാമ്പത്തിക വർഷത്തിലും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

## 1-32 പാലിയേറ്റീവ് പരിചരണം - മാർഗ്ഗരേഖ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല

പാലിയേറ്റീവ് പരിചരണം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖ സർക്കാർ ഉത്തരവ് നം. ജി.ഒ.(ആർ.ടി) 3217/2015/ത.സ്വ.ഭ.വ/29.10.2015 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല.

1 )<u>പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി നിശ്ചിത ഇടവേളകളിൽ യോഗം ചേരുന്നില്ല</u>

പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. പാലിയേറ്റീവ് പ്രവർത്തനം സംബന്ധിച്ച് മേൽ മാർഗ്ഗരേഖയുടെ അനുബന്ധം 9 ൽ കൊടുത്ത മാതൃകയിലുള്ള ഓരോ മാസത്തെയും പ്രതിമാസ പ്രവർത്തന – അവലോകന റിപ്പോർട്ടും വരവ് ചെലവ് കണക്കും മെമ്പർ സെക്രട്ടറി ഈ യോഗത്തിൽ രേഖാമൂലം അവതരിപ്പിക്കേണ്ടതും യോഗം അത് വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. കൂടാതെ ദ്വൈമാസയോഗത്തിൽ വച്ച് അടുത്ത രണ്ട് മാസത്തേക്കുള്ള പ്രവർത്തന രൂപ രേഖ തയ്യാറാക്കേണ്ടതും അംഗീകരിക്കേണ്ടതുമാണ്. എന്നാൽ 2018-19 സാമ്പത്തിക വർഷത്തിൽ ജൂലൈ മാസത്തിൽ രണ്ട് തവണ മാത്രമാണ് (10-07-2018, 16-07-18) പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി യോഗം ചേർന്നിട്ടുള്ളത്.

2) ഗൃഹപരിചരണം സംബന്ധിച്ച വിശദാംശം അനുബന്ധം 3 ൽ തയ്യാറാക്കുന്നില്ല. ഹോം കെയർ റിപ്പോർട്ട് രജിസ്റ്റർ എഴുതുന്നില്ല.

ഗൃഹസന്ദർശന വിവരങ്ങൾ (സന്ദർശിച്ച വീടുകൾ, പങ്കെടുത്തവരുടെ ഹാജർ, ചെലവ് മുതലായവ) അനുബന്ധം 3 ൽ കൊടുത്ത മാതൃകയിലുള്ള ഫോറത്തിലും രോഗികൾക്ക് ലഭ്യമാക്കിയ സേവനങ്ങളും മറ്റ് വിവരങ്ങളും ഹോം കെയർ

റിപ്പോർട്ട് ബുക്കിലും ഹോം കെയർ ചുമതലയുള്ള നഴ്സ് രേഖപ്പെടുത്തേണ്ടതാണ്. ഓരോ ദിവസത്തെയും ഹോം കെയർ നടന്ന് കഴിഞ്ഞാൽ തൊട്ടടുത്ത ദിവസം ഗൃഹസന്ദർശന വിവരങ്ങൾ രേഖപ്പെടുത്തിയ അനുബന്ധം 3 പ്രകാരമുള്ള ഫോറവും ഹോംകെയർ റിപ്പോർട്ട് ബുക്കും പാലിയേറ്റീവ് കെയർ നഴ്സ് മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ച് ഒപ്പ് വാങ്ങേണ്ടതാണ്. ഗൃഹസന്ദർശന വിവരങ്ങൾ രേഖപ്പെടുത്തിയ അനുബന്ധം 3 പ്രകാരമുള്ള ഫോറം മെഡിക്കൽ ഓഫീസർ സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതാണ് .

പാലിയേറ്റീവ് കെയർ മാർഗ്ഗരേഖയുടെ ഖണ്ഡിക 2.11 ൽ പറയും പ്രകാരമുള്ള മോണിട്ടറിംഗ് സംവിധാനം ശക്തിപ്പെടുത്തേണ്ടതും പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ തദ്ദേശ സ്ഥാപനത്തിൽ വച്ച് ഓരോ മാസവും അവലോകന യോഗം സംഘടിപ്പിക്കേണ്ടതുമാണ്. യോഗത്തിൽ ആരോഗ്യമേഖലയിൽ നിന്നും തദ്ദേശ സ്ഥാപനത്തിൽ നിന്നും സന്നദ്ധമേഖലയിൽ നിന്നും പരമാവധി പ്രവർത്തകരെ സംഘടിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മുൻമാസം നടന്ന പ്രവർത്തനങ്ങളുടെ എഴുതി തയ്യാറാക്കിയ റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും നഴ്സ് അവതരിപ്പിക്കേണ്ടതാണ്. യോഗത്തിന്റെ അജണ്ട, ഹാജർ, മിനിട്സ് എന്നിവ എഴുതി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ടുവിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 200000 | നെൽകൃഷി വികസനം (ജനറൽ) | 200000 | - |
| ജില്ലാ പഞ്ചായത്ത് | 1000000 | നെൽകൃഷി വികസനം | 700000 | 300000 |
| ബ്ലോക്ക് പഞ്ചായത്ത് | 300000 | പച്ചക്കറി വികസന പദ്ധതി | 300000 | - |
| ജില്ലാ പഞ്ചായത്ത് | 125000 | സാന്ത്വന പരിചരണം | 0 | 125000 |
| ജില്ലാ പഞ്ചായത്ത് | 750000 | പട്ടികജാതി വിദ്യാർത്ഥിൾക്ക് പഠനമുറി(എസ്.സി.പി) | 350000 | 400000 |
| ജില്ലാ പഞ്ചായത്ത് | 300000 | ഭവന നിർമ്മാണം ലൈഫ് | 280000 | 20000 |
| ബ്ലോക്ക് പഞ്ചായത്ത് | 513975 | ഭവന നിർമ്മാണം ലൈഫ് | 480000 | 33975 |

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 568180 | ഭവന നിർമ്മാണം ലൈഫ്(എസ്.സി) | 252400 | 315780 |
| ജില്ലാ പഞ്ചായത്ത് | 600000 | ഭവന നിർമ്മാണം ലൈഫ്(എസ്.സി) | - | 600000 |
| ജില്ലാ പഞ്ചായത്ത് | 350000 | പട്ടികജാതി വിദ്യാർത്ഥിൾക്ക് പഠനമുറി(എസ്.സി.പി) | 350000 | - |
| ജില്ലാ പഞ്ചായത്ത് | 500000 | അനുപൂരക പോഷകാഹാര പരിപാടി | 100000 | 400000 |
| ജില്ലാ പഞ്ചായത്ത് | 514000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 503000 | 11000 |
| ബ്ലോക്ക് പഞ്ചായത്ത് | 200000 | പാലിന് സബ്സിഡി | 200000 | - |
| ജില്ലാ പഞ്ചായത്ത് | 200000 | പാലിന് സബ്സിഡി | 200000 | - |
| ജില്ലാ പഞ്ചായത്ത് | 200000 | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ (ജനറൽ) | 199196 | 804 |
| ജില്ലാ പഞ്ചായത്ത് | 580000 | അംഗൻവാടി കെട്ടിട നിർമ്മാണം | - | 580000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ/ ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 21836734/06.03.2019 | 200000 | 199196 | 804 |
| കെ.എസ്.ഇ.ബി | മാമ്പ്രപ്പാടം പരുത്തിക്കാട്ടുത്തറ കോളനി സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 272/26.03.2019 | 35606 | 35606 | 0 |
| കെ.എസ്.ഇ.ബി | ആലം തുരുത്ത് കോളനി-പാലമൂട്ടിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21838222/23.03.2019 | 36275 | 36275 | 0 |
| കെ.എസ്.ഇ.ബി | 3, 6, 14, 15 വാർഡുകളിൽ | 221/06.03.2019 | 34451 | 58624 | 1656 |
| | | 222/06.03.2019 | 25829 | | |

| | | | | | |
|---|---|---|---|---|---|
| | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | | | | |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 223/06.03.2019 | 100000 | 197588 | 1608 |
| | | 225/06.03.2019 | 99196 | | |
| കെ.എസ്.ഇ.ബി | 6, 9 വാർഡുകളിൽ സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 273/26.03.2019 | 26780 | 26780 | 0 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ വലിക്കൽ | 204/26.02.2019 | 98595 | 98595 | 0 |

### 4-3 വായ്പ-വായ്പാ തിരിച്ചടവ്

| വായ്പാ ഏജൻസി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| KURDFC | 5987701 | 5987701 | 0 | | 5987701 |

### 4-4 സ്ഥിരനിക്ഷേപം

ഇല്ല

### 4-5 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ 10691/- രൂപ ഓഡിറ്റ് വർഷം വരവുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2015-16 | 2(4) | 9242 | ശ്രീമതി എം.മേരിക്കുട്ടി (മുൻ സെക്രട്ടറി) | 91902100009 |
| | 2(4) എ & ബി | 1449 | ശ്രീ. പി. സാബു (മുൻ എച്ച്.സി) | 91902100010 |

### 4-6 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശത്തിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| 2003-04 | 2-3 | 2007-08 | 3-22-1 | എസ്.ജി.ആർ.വൈ ഭക്ഷ്യധാന്യ വിതരണം |
| | | | | |

4-7 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ചാർജ്ജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 6,99,11,730 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,52,31,589 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2168895 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയുടെ പേരുവിവരം |
|---|---|---|
| 1-21 | 6,65,118 | അനിൽകുമാർ, കൃഷി ഓഫീസർ |
| 1-22 | 1,79,689 | വൈ. നിസാർ, സെക്രട്ടറി |
| 1-23 | 6,00,000 | അനിൽകുമാർ, കൃഷി ഓഫീസർ |
| 1-25 | 2,25,000 | അനിൽകുമാർ. പി.കെ,അസിസ്റ്റന്റ് സെക്രട്ടറി |
| 1-26 | 59,996 | അനിൽകുമാർ. പി.കെ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-27 | 3,99,092 | അനിൽകുമാർ. കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-31 | 40,000 | പ്രവീൺ.ടി.ഡി, വി.ഇ.ഒ |
| ആകെ | 21,68,895 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഖണ്ഡിക 1-28 തുക 24,606/-

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഖണ്ഡിക 1-13

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അനിൽകുമാർ, കൃഷി ഓഫീസർ | അസിസ്റ്റന്റ് ഡയറക്ടർ, കേരള സെന്റർ ഫോർ ചെസ് മാനേജ്മെന്റ്, മങ്കൊമ്പ് | കാവുവിളയിൽ, മാങ്കാംകുഴി.പി.ഒ |
| അനിൽകുമാർ. കെ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, വെൺമണി ഗ്രാമപഞ്ചായത്ത് | ദീപ കൈലാസ്, കുടപ്പനക്കുന്ന്,തിരുവനന്തപുരം |
| അനിൽകുമാർ. പി.കെ, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി, മുട്ടിൽ പഞ്ചായത്ത്, വയനാട് | നിരഞ്ജനം, പെരിങ്ങിലിപ്പുറം, ബുധനൂർ |
| പ്രവീൺ.ടി.ഡി, വി.ഇ.ഒ | വി.ഇ.ഒ, വെൺമണി പഞ്ചായത്ത് | തോണ്ടുതറയിൽ, കോട്ടുകുളഞ്ഞി, ചെങ്ങന്നൂർ |
| വൈ.നിസാർ, സെക്രട്ടറി | സെക്രട്ടറി, പവിത്രേശ്വരം പഞ്ചായത്ത്, കൊല്ലം | പീടികത്തറയിൽ, ആദിനാട് ഹൌസ്, കാട്ടിൽകടവ്.പി.ഒ, കരുനാഗപ്പള്ളി |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 to 2005-06 | LFGA5-1832/11 തീയതി, 4/2/2012 |
| 2006-07 | LFAP5-281/11 തീയതി, 20/9/2011 & 30/09/11<br>LFAP5-1482/10 തീയതി, 20/6/11 & 2/7/2011 |
| 2007-08 | LFAP5-282/11 തീയതി, 20/9/11 & 30/09/11 |
| 2008-09 & 2009-10 | LFAP5-861/12 തീയതി, 9/10/12 & 14/12/12 |
| 2010-11 & 2011-12 | LFAP5-493/13 തീയതി, 21/8/13 & 12/11/13 |
| 2012-13 & | LFAP5-143/2015 തീയതി, 25/03/15 & 4/6/15 |

| | |
|---|---|
| 2013-14 | |
| 2014-15 | KSA-ALP-P5-824/16 തീയതി, 10/04/2017 |
| 2015-16 | KSA-ALP-P5-28/17 തീയതി, 12/1/2017 |
| 2016-17 | KSA-ALP/P5-1376/17 തീയതി, 15/11/2017 |
| 2017-18 | KSA-ALP/P5-144/2019 തീയതി, 07/02/2019 |

ഡെപ്യൂട്ടിഡയറക്ടർ

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം.1

### ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വെൺമണി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം.2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ